പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1120

05/03/2020-ൽ
മറുപടിയ്ക്ക്

## ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കരുനാഗപള്ളി തഴവ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് വേണ്ടി അനുവദിച്ച 3 കോടി രൂപയുടെ കെട്ടിടനിർമ്മാണം സംബന്ധിച്ച പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ; | (എ) 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകൾക്ക് കിഫ്ബിയുടെ 3 കോടി രൂപ ധനസഹായം അനുവദിച്ച് ഭരണാനുമതി നൽകിയതിൽ തഴവ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളാണ് ഉൾപ്പെട്ടിരിക്കുന്നത്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ SPV ആയി INKEL-നെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. INKEL തുടർ നടപടികൾ സ്വീകരിച്ചു വരുന്നു<br>2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ തഴവ ഗവൺമെന്റ് എ.വി.എച്ച്.എസ്-നെയാണ് തെരഞ്ഞെടുത്തിരുന്നത്. പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി കൈറ്റാണ്. നിലവിൽ 51% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജൂൺ മാസത്തോടെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഗവൺമെന്റ് യു.പി.എസ് ആദിനാട്, യു.പി.ജി.എസ് കരുനാഗപ്പള്ളി, ഗവൺമെന്റ് എ.വി.എൽ.പി.എസ് തഴവ, ഗവൺമെന്റ് എച്ച്.എസ്.എസ് തൊടിയൂർ, ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ചെറിയഴീക്കൽ എന്നീ സ്കൂളുകൾക്കനുവദിച്ച ഒരു കോടി രൂപയുടെ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ; <br>(സി) പ്രസ്തുത പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) & (സി) ആദിനാട് ജി.യു.പി.എസ്, യു.പി.ജി.എസ് കരുനാഗപ്പള്ളി, ഗവൺമെന്റ് എ.വി.എൽ.പി.എസ് തഴവ, ഗവൺമെന്റ് എച്ച്.എസ്.എസ് തൊടിയൂർ, ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ചെറിയഴീക്കൽ എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള SPV യായി KILA യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി കില (KILA) സമർപ്പിച്ചിട്ടുണ്ട്. |

Namitha P

**സെക്ഷൻ ഓഫീസർ**